

>> കുടുംബം

ഡോ. സമീർ യൂനുസ്

# സങ്കടത്താൽ വിരൽ കടിക്കുന്നു

**മുകളിൽ** കൊടുത്ത തലക്കെട്ട് ഒരു സ്ത്രീ എനിക്ക് അയച്ച കത്തിലെ അവസാന വരിയാണ്. കത്തിന്റെ പൂർണ രൂപം ഇങ്ങനെ: “നല്ല മതനിഷ്ഠയും തറവാടിത്തവുമുള്ള ഒരു കുടുംബത്തിലെ അംഗമാണ് ഞാൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ലൊരാളെയാണ് എനിക്ക് ഭർത്താവായി ലഭിച്ചത്. അദ്ദേഹത്തിന് ഒരു പ്രശ്നമുണ്ട്. പെട്ടെന്ന് ദേഷ്യം പിടിക്കും. കടുപ്പിച്ച് വർത്തമാനം പറയും. പക്ഷേ, അദ്ദേഹത്തിന്റെ മനസ്സ് ശുദ്ധമാണ്. എന്റെ കുട്ടികളെ ഓർത്ത് ആ കടുത്ത സംസാരങ്ങൾ ഞാൻ ക്ഷമിച്ചു. അദ്ദേഹത്തിന്റെ മനസ്സോർത്ത് ആ വീഴ്ചകൾ ഞാൻ പൊറുക്കുകയും ചെയ്തു... പൊട്ടിത്തെറികളോ കൊടുങ്കാറ്റുകളോ ഇല്ലാതെ ഞങ്ങളുടെ കുടുംബജീവിതം മുന്നോട്ടു നീങ്ങി. മറ്റുള്ളവരുടെ ദാമ്പത്യ ദുരിതങ്ങൾ കാണുമ്പോൾ, എനിക്ക് ലഭിച്ച ദാമ്പത്യത്തിൽ ആത്മസംതൃപ്തിയും ഉണ്ടായിരുന്നു.

അങ്ങനെയായിരിക്കെയാണ് ഞങ്ങൾ താമസിക്കുന്ന ഫ്ളാറ്റിന്റെ തൊട്ടടുത്ത ഫ്ളാറ്റിൽ പുതിയൊരു അയൽക്കാരി വന്നത്. എന്നോടോ കുട്ടികളോടോ ഭർത്താവ് ശബ്ദമുയർത്തി സംസാരിക്കുന്നത് അവൾക്ക് കേൾക്കാം. ഒരിക്കൽ ഭർത്താവ് ഇല്ലാത്ത സമയം നോക്കി അയൽക്കാരി എന്റെ ഫ്ളാറ്റിൽ വന്നു. ഭർത്താവ് എന്തിനാണ് ഇങ്ങനെ ഉച്ചത്തിൽ സംസാരിക്കുന്നത് എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു: ‘എന്റെ ഭർത്താവ് നല്ലൊരാളാണ്. ഒന്നും മനസ്സിൽ വെച്ച് പറയുന്നതല്ല. സംസാരിക്കുമ്പോൾ ശബ്ദം ഉയർന്നുപോകും. അങ്ങനെയൊരു പ്രകൃതം. അദ്ദേഹത്തിന്റെ നല്ല ഗുണങ്ങളെയോർത്ത് ഞാനതൊക്കെ ക്ഷമിച്ചിരിക്കുന്നു.’ അങ്ങനെ ക്ഷമിക്കാനും പൊറുക്കാനും പാടില്ലെന്നായി അവൾ: ‘ശബ്ദമുയർത്തി സംസാരിക്കുന്നത് നിങ്ങളോടുള്ള നിന്ദയും പുഛവും കാരണമാണ്. നിങ്ങളെ അയാൾ ആദരിക്കുന്നില്ല എന്നതിന് മറ്റെന്ത് തെളിവു വേണം. ഇതൊക്കെ കേട്ട് അടങ്ങിയൊതുങ്ങിയിരിക്കുന്നത് തറവാട്ടിൽ പിറന്ന പെണ്ണിന് യോജിച്ചതല്ല.’

തുടർന്നും അവൾ ഇടക്കിടെ എന്നെ സന്ദർശിച്ചുകൊണ്ടിരുന്നു. സംസാരവിഷയം ഇതുതന്നെ. പിന്നെ അവൾ അവളുടെ സഹോദരനെക്കുറിച്ച് പറഞ്ഞു തുടങ്ങി. സൗമ്യൻ, മൃദുഭാഷി, സുമുഖൻ. ദാമ്പത്യ പ്രശ്നങ്ങളിൽ അദ്ദേഹം കൗൺസലിംഗ് നടത്താറുണ്ടെന്നും അവൾ പറഞ്ഞു: ‘നിങ്ങൾ അദ്ദേഹത്തെ കണ്ട് സംസാരിക്കണം. നിങ്ങളെ അലട്ടുന്ന ഈ പ്രശ്നത്തിന് അദ്ദേഹം പ്രതിവിധി കാണാതിരിക്കില്ല.’

അങ്ങനെ അയൽക്കാരിയുടെ സഹോദരനുമായി സംസാരിക്കാൻ അവസരമുണ്ടായി. പറഞ്ഞതുപോലെ തന്നെ മധുരമായി സംസാരിക്കുന്നു. ഉയർന്ന സംസ്കാരമുള്ളവനാണെന്ന് ഒറ്റനോട്ടത്തിൽ തോന്നിക്കും. അദ്ദേഹവുമായി സംസാരിക്കുമ്പോൾ എന്റെ മനസ്സിനും വല്ലാത്ത ആശ്വാസം. ഈ കൂടിക്കാഴ്ച പിന്നീടുള്ള ദിവസങ്ങളിലും തുടർന്നു. ഞങ്ങൾ ഫോൺ നമ്പറുകളും ഇമെയിൽ വിലാസങ്ങളും കൈമാറി. എന്റേതായ എല്ലാം ഓരോന്നായി അയാൾ അപഹരിച്ചെടുക്കുകയായിരുന്നു. എന്റെ വീടിനെയും ഭർത്താവിനെയും കുട്ടികളെയും വരെ.... ഒടുവിൽ അയാൾ അതും ആവശ്യപ്പെട്ടു: ‘നിങ്ങൾ വിവാഹമോചനം ചെയ്യണം.’ അയൽക്കാരിയും സഹോദരനും ഇക്കാര്യത്തിൽ എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഒടുവിൽ സംഭവങ്ങൾ വിവാഹമോചനത്തിൽ കലാശിച്ചു.

ഒരു ഊക്കൻ അടി കിട്ടിയതുപോലെയായിരുന്നു വിവാഹമോചനം. അത് എന്നെ മാനസികമായി തകർത്തു. നഷ്ടപ്പെട്ടതിന്റെ വില അപ്പോഴാണ് ഞാൻ തിരിച്ചറിയുന്നത്. പക്ഷേ, അപ്പോഴേക്കും തിരിച്ചെടുക്കാൻ കഴിയാത്ത വിധം എല്ലാം കൈവിട്ടുപോയിരുന്നു. രാവും പകലും സങ്കടത്താൽ വിരൽ കടിക്കുകയല്ലാതെ ഇനിയെന്തു ചെയ്യാനാവും? നഷ്ടപ്പെട്ട എന്റെ കുടുംബത്തെ തിരിച്ചുകിട്ടാൻ താങ്കൾ ഒരു വഴി പറഞ്ഞുതരുമോ?”

ഈ സ്ത്രീയെയും, സമാനമായ ദാമ്പത്യ പ്രശ്നങ്ങളിലൂടെ കടന്നുപോകുന്ന മറ്റു സ്ത്രീകളെയും എനിക്ക് ആദ്യമായി ഓർമിപ്പിക്കാനുള്ളത്, ഇസ്ലാമിക ചരിത്രത്തിലെ തത്വജ്ഞാനി സംഘമായ ‘ഇഖ്വാനുസ്സ്വഫ’യുടെ വാക്കുകളാണ്: ‘സ്ത്രീകളെ നശിപ്പിക്കുന്നത് സ്ത്രീ തന്നെയാണ്.’ പുരുഷന്റെ ജീവിതത്തിൽ മാത്രമല്ല, സ്ത്രീയുടെ ജീവിതത്തിലുമുണ്ടാവും ഒരു സ്ത്രീ-രക്ഷകയായിട്ടോ നാശകാരിയായിട്ടോ. അതിനാൽ സുഹൃത്തിനെ തെരഞ്ഞെടുക്കുമ്പോൾ നമ്മുടെ മുമ്പിൽ ഉണ്ടാകേണ്ടത്, ഇതു സംബന്ധമായി ഖുർആനിലും നബിവചനങ്ങളിലും വന്ന നിർദേശങ്ങളാണ്.

വിശുദ്ധ ഖുർആൻ പറഞ്ഞു: “നാഥന്റെ പ്രീതി കാംക്ഷിച്ച് രാവിലെയും വൈകീട്ടും അവനെ പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ആളുകളോടൊപ്പം താങ്കളുടെ മനസ്സ് ഉറപ്പിച്ചു നിർത്തുക. ഐഹികാലങ്കാരങ്ങൾ കൊതിച്ച് താങ്കൾ അവരിൽനിന്ന് കണ്ണ് തെറ്റിച്ചുകളയരുത്.

ആരുടെ മനസ്സിനെ നാം നമ്മുടെ സ്മരണയിൽ അശ്രദ്ധമാക്കിയിരിക്കുന്നുവോ, ആര് സ്വേഛയെ പിൻപറ്റിയോ, ആരുടെ കാര്യം പരിധിവിട്ടതായിരിക്കുന്നുവോ, അങ്ങനെയുള്ളവനെ താങ്കൾ അനുസരിക്കരുത്" (*അൽകഹ്ഫ്* 28). നബി(സ) നിർദേശിച്ചു: "ഒരാൾ അയാളുടെ കൂട്ടുകാരന്റെ മതത്തിലായിരിക്കും. അതിനാൽ ആരെ കൂട്ടുകാരാക്കുന്നു എന്ന് ഓരോരുത്തനും നോക്കിക്കൊള്ളട്ടെ" (അഹ്മദ്, അബൂദാവൂദ്, തിർമിദി).

കത്തെഴുതിയ സ്ത്രീയോട് എനിക്ക് പ്രത്യേകമായി പറയാനുള്ളത് ഇതാണ്: ആർക്കും ഒരു കൂട്ട് ആവശ്യമാണ്. ജീവിതപ്രയാസങ്ങളും മാനസിക പിരിമുറുക്കങ്ങളും വർധിച്ചുവരുന്ന ഇക്കാലത്ത് പ്രത്യേകിച്ചും. സ്നേഹവും കാരുണ്യവും സന്തുഷ്ടിയും വിരിയുന്നു സൗഹൃദത്തിന്റെ പൂന്തോപ്പിൽ. പക്ഷേ, കൂട്ടുകാരെ തെരഞ്ഞെടുക്കുന്നത് വളരെ കരുതലോടെ വേണം. അല്ലെങ്കിൽ ഈ പൂന്തോപ്പ് മുൾക്കാടായി മാറും.

സഹോദരീ, മറ്റൊന്നു കൂടി മനസ്സിലാക്കണം. ഏതു കൂട്ടുകാരിയാണെങ്കിലും എല്ലാം തുറന്നു പറയരുത്. എല്ലാ കൂട്ടുകാരികളും അഭിപ്രായം തേടാൻ യോഗ്യരാവണമെന്നില്ല.

നഷ്ടപ്പെട്ട കുടുംബവും സൗഭാഗ്യവും എങ്ങനെ തിരിച്ചു കിട്ടും എന്ന് ചോദിച്ചല്ലോ. എനിക്ക് ഉപദേശിക്കാനുള്ളത് ഇതാണ്:

ഒന്ന്, അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക. മനസ്സിൽ സദുദ്ദേശ്യമല്ലാതെ മറ്റൊന്നും ഉണ്ടാവരുത്. ഭർത്താവിന്റെയും കുട്ടികളുടെയും അടുത്തേക്ക് എന്തായാലും മടങ്ങിച്ചെല്ലും എന്ന് ഉറച്ച തീരുമാനമെടുക്കുക. കാര്യങ്ങളെല്ലാം ശരിയാവാൻ അല്ലാഹുവോട് താണുകേണ് പ്രാർഥിച്ചുകൊണ്ടിരിക്കുക.

രണ്ട്, ഒത്തുതീർപ്പിന് നിങ്ങൾതന്നെ തുടക്കമിടണം. മടങ്ങിവരാനുള്ള ആഗ്രഹം ഭർത്താവിനെ അറിയിക്കുക. തെറ്റ് തന്റേതായിരുന്നുവെന്ന് സമ്മതിക്കുക.

മൂന്ന്, മധ്യസ്ഥത്തിനായി ഭർത്താവുമായി അടുപ്പമുള്ള നിങ്ങളുടെയോ ഭർത്താവിന്റെയോ ബന്ധുക്കളെ സമീപിക്കുക. ബന്ധുക്കളാണെങ്കിലും മധ്യസ്ഥത്തിന് പറ്റുന്നവരും വിശ്വസ്തരുമാണെന്ന് ഉറപ്പുവരുത്തണം.

നാല്, ദാമ്പത്യബന്ധം പുനഃസ്ഥാപിക്കാനുള്ള നല്ലൊരു മാർഗമാണ് കുട്ടികൾ. അവരുടെ സഹായം തേടുക. ഭാര്യക്കും ഭർത്താവിനും അവരുമായി ആഴത്തിലുള്ള വൈകാരിക ബന്ധമുണ്ട്. അവരുടെ ഭാവിയും സുരക്ഷിതത്വവും ഓർത്താൽ എല്ലാ വാശിയും താനേ ഇല്ലാതാവും.

അഞ്ച്, ദൈവഭക്തരും സൂക്ഷ്മതയുള്ളവരുമായ സജ്ജനങ്ങളെ പോയി കണ്ട് തനിക്കുവേണ്ടി പ്രാർഥിക്കാൻ അവരോട് അപേക്ഷിക്കുക. സജ്ജനങ്ങളുടെ പ്രാർഥന സ്വീകരിക്കപ്പെടുമെന്നു തന്നെ നിങ്ങൾക്ക് പ്രതീക്ഷിക്കാം. ■